"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് ചെയർ വാങ്ങി നൽകുന്നതിനുള്ള പദ്ധതി (പേര്: ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ വാങ്ങൽ, പ്രോജക്ട് നമ്പർ: 233/22, അടങ്കൽ: 5,00,000/- രൂപ, വികസന ഫണ്ട്: ജനറൽ) നടപ്പാക്കുന്നതിന് നെയ്യാറ്റിൻകര നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt) No.86/2022/LSGD തീയതി,തിരുവനന്തപുരം, 12/01/2022

---

പരാമർശം:-

1. നെയ്യാറ്റിൻകര നഗരസഭാ കൗൺസിലിന്റെ 12.07.2021-ലെ തീരുമാനം നമ്പർ 31
2. തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2021-ലെ കത്ത് (SRG 693/21 , CC 212/21)
3. 18.12.2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.55

**ഉത്തരവ്**

ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് ചെയർ വാങ്ങുന്നതിന് 5 ലക്ഷം രൂപ വകയിരുത്തി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി പ്രോജക്റ്റ് തയാറാക്കിയിരുന്നു. അതേ സമയം ജില്ലാ ആസൂത്രണ സമിതി യോഗം പ്രസ്തുത പദ്ധതി നിരസിക്കുകയുണ്ടായി. പൊതുമാർക്കറ്റിൽ 40,000/- രൂപയ്ക്കും 50,000/- രൂപയ്ക്കും മധ്യേ വില വരുന്ന ഇലക്ട്രിക് വീൽ ചെയറുകളാണ് പദ്ധതിയുടെ ഭാഗമായി നഗരസഭ വാങ്ങാൻ ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലും പത്തിൽ അധികം ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിയുടെ പ്രോജക്ട് രൂപീകരണ സമയത്ത് ഇലക്ട്രിക് വീൽചെയറിനു പകരം ഇലക്ട്രോണിക് വീൽചെയർ എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് പദ്ധതി റിവിഷനിൽ മാത്രമേ സാധിക്കുകയുള്ളൂ എന്നതിനാലും കാലതാമസം ഒഴിവാക്കുന്നതിന് പ്രസ്തുത പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്ന നെയ്യാറ്റിൻകര നഗരസഭാ കൗൺസിലിന്റെ പരാമർശം (1) തീരുമാന പ്രകാരമുള്ള അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു.

2. ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് ചെയർ വാങ്ങി നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിന് നെയ്യാറ്റിൻകര നഗരസഭയ്ക്ക് അനുമതി നൽകുന്നതിനു വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് ചെയർ വാങ്ങി

നൽകുന്നതിനുള്ള പദ്ധതി (പേര്: ഭിന്നശേഷിക്കാർക്ക് ഇലക്ട്രോണിക് വീൽ ചെയർ വാങ്ങൽ, പ്രോജക്ട് നമ്പർ: 233/22, അടങ്കൽ: 5,00,000/-രൂപ, വികസന ഫണ്ട്: ജനറൽ) നടപ്പാക്കുന്നതിന് നെയ്യാറ്റിൻകര നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
John V Samuel I A S
Deputy Secretary

ചെയർപേഴ്സൺ / സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്